LIBRARY ARCHIVES Kerala Legislative Assembly

ഹൈടെക് ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

141 (155) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഹൈടെക് ഫാമുകൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെണ്ണമെന്നും എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫാമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹൈടെക് ഫാമുകളുടെ പ്രവർത്തനരീതി ഏതു തരത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന പാൽ സംസ്ക്കരണത്തിന് വിധേയമാക്കാതെ ഉപഭോക്താക്കൾക്ക് എത്തിക്കാനുള്ള പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 3 എണ്ണം. സംസ്ഥാനത്ത് ആദ്യത്തെ ഹൈടെക് ഫാം കുളത്തുപ്പുഴയിൽ കെ.എൽ.ഡി. ബോർഡ് സ്ഥാപിച്ചു. മാട്ടുപ്പെട്ടിയിലും കോലാഹലമേട്ടിലും ഫാമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പാൽ ദൗർലഭ്യതയുടെ അന്തരം കുറയ്ക്കുക എന്ന ലക്ഷ്യത്തിനുവേണ്ടി അത്യുൽപ്പാദന ശേഷിയുള്ള ശുദ്ധവർഗ്ഗത്തിലേയും സങ്കരവർഗ്ഗത്തിലേയും പശുക്കളെ അതിനൂതന സാങ്കേതിക വിദ്യയുടെ മികവിലൂടെ പരിപാലിച്ച് അവയിൽ അന്താരാഷ്ട്ര നിലവാരമുള്ള ബീജവും ഭ്രൂണവും അത്യുൽപ്പാദനശേഷിയുള്ള വിത്തുകാളകളേയും പശുക്കുട്ടികളേയും ഉൽപ്പാദിപ്പിക്കാൻ ക്ഷീര മേഖലയ്ക്ക് ശക്തമായ ജനിതക അടിത്തറ സൃഷ്ടിക്കുക എന്നതാണ് ഹൈടെക് ഫാമിന്റെ ലക്ഷ്യം. ഭാരതത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഫ്ളാഗ്ഷിപ്പ് പദ്ധതിയായ "നാഷണൽ പ്രോജക്റ്റ് ഫോർ ക്യാറ്റിൽ & ബഫല്ലോ ബ്രീഡിംഗ് (എൻ.പി.സി.ബി.ബി.)" വിഭാവനംചെയ്ത പത്ത് ബുൾ മദർ ഫാമുകളിൽ ഉൾപ്പെടുന്നതാണ്. കെ.എൽ.ഡി. ബോർഡിന്റെ ഹൈടെക് ബുൾ മദർ ഫാമുകൾ പൂർണ്ണമായും രോഗവിമുക്തമായ പശുക്കൾ ഉൽപ്പാദിപ്പിക്കുന്ന പാൽ സർട്ടിഫൈഡ് ഫാം ഫ്രെഷ് മിൽക്ക് ആയി നേരിട്ട് വിപണനം ചെയ്യുന്നതാണ്. ഇതുവഴി ആദ്യമായി പാലുൽപ്പാദന വിതരണ മേഖലയ്ക്ക് പൊതുമേഖലാ സ്ഥാപനത്തിന്റെ നേരിട്ടുള്ള ഇടപെടൽ ഉറപ്പാക്കുന്നു. ഹൈടെക് ഫാമിന് ചുറ്റും മികച്ച പശുക്കളെ പരിപാലിക്കുന്ന മികച്ച കർഷകരെ തെരഞ്ഞെടുത്ത് സാറ്റലൈറ്റ് യൂണിറ്റുകൾ സ്ഥാപിച്ച് ഒരു ക്ഷീര നഗരം കെട്ടിപ്പടുക്കുക

എന്നതാണ് ആത്യന്തികമായ ലക്ഷ്യം. ഇതിനുവേണ്ട എല്ലാ സാങ്കേതിക സഹായവും വിദഗ്ദ്ധ പരിശീലനവും നൽകുന്നതാണ്. പൊതുമേഖലയിൽ ആദ്യമായി പശുവിൻ പാൽ യാതൊരു സംസ്ക്കരണത്തിനും വിധേയമാകാതെ ശുദ്ധമായ രൂപത്തിൽ ഉപഭോക്താക്കളിൽ എത്തിക്കുന്നു. ക്ഷീര മേഖലയിലെ ഒരു കുതിച്ചുചാട്ടം യാഥാർത്ഥ്യം ആയിരിക്കുന്നു. കേരളം ഇന്നുവരെ കണ്ടിട്ടില്ലാത്ത ഒരു പശുപരിപാലന രീതിക്ക് ഹൈടെക് ഫാം സാക്ഷ്യം വഹിക്കുന്നു. വാണിജ്യമായി പാലുൽപ്പാദിപ്പിക്കുവാനായി യുവതലമുറയെ ആകർഷിക്കുവാൻ ഹൈടെക് ഫാമിനാകും. അത്യുൽപ്പാദനശേഷിയുള്ള പശുക്കുട്ടികളും ഉൽകൃഷ്ടമായ പാലും അത്യന്താധുനിക പാൽ ഉൽപ്പാദന പ്രക്രിയയും കർഷകർക്ക് ട്രെയിനിംഗും ഭ്രൂണമാറ്റംവഴി വർഗ്ഗവർദ്ധനവും ഹൈടെക് ഫാംവഴി സംജാതമാകും. ഭ്രൂണമാറ്റത്തിന്റെ നൂതന സാങ്കേതികവിദ്യകൾ കർഷകന്റെ കൃഷിയിടങ്ങളിൽ എത്തുമ്പോൾ വിദേശ ജനുസുകൾക്കൊപ്പം കാങ്കറേജ്, സഹിവാൾ, താർപാർക്കർ, റാത്തി, വെച്ചൂർ തുടങ്ങിയവ ഹൈടെക് ഫാമിന്റെ പ്രവർത്തനഫലമായി സംസ്ഥാനത്ത് കർഷകർക്ക് ലഭ്യമാകും. ഹൈടെക് ഫാമിന്റെ മറ്റൊരു പ്രധാന ലക്ഷ്യമാണ് വാണിജ്യാടിസ്ഥാനത്തിലുള്ള പാൽ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കൽ. തൊഴിൽ അന്വേഷകർക്കും വിദേശ രാജ്യങ്ങളിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങുന്നവർക്കും കേരളത്തിൽ മൂലധനം നിക്ഷേപിക്കാൻ ഉദ്ദേശിക്കുന്ന വിദേശ മലയാളിക്കും പ്രവാസികൾക്കുംവേണ്ടി വാണിജ്യാടിസ്ഥാനത്തിലുള്ള ഹൈടെക് ഫാമിന് എല്ലാവിധ സാങ്കേതിക സഹായങ്ങളും ഇൻഫാം ട്രെയിനിംഗും ഇവിടെനിന്നും ലഭ്യമാണ്. പൊതു മേഖലയുടെ ആദ്യത്തെ സർട്ടിഫൈഡ് ഫാം ഫ്രെഷ് മിൽക്ക് ഇതോടൊപ്പം യാഥാർത്ഥ്യമാകുകയാണ്.

(സി) കമ്പ്യൂട്ടർ സഹായത്തോടെ യന്ത്രവൽകൃതമായാണ് ഫാം പ്രവർത്തിക്കുന്നത്. പശുവിന്റെ തീറ്റ, കറവ, കൂടുവൃത്തിയാക്കൽ തുടങ്ങിയ എല്ലാ മേഖലയിലും മനുഷ്യരിൽനിന്ന് യന്ത്രം കൈയടക്കുന്ന അത്ഭുതാവഹമായ ഒരു മാറ്റമാണ് ഈ ഫാമിൽ സാദ്ധ്യമായിരിക്കുന്നത്. പശുവിന്റെ കഴുത്തിൽ ഘടിപ്പിച്ചിട്ടുള്ള ഒരു കമ്പ്യൂട്ടർ ചിപ്പ് അടങ്ങിയ യന്ത്രം (ട്രാൻസ്പോണ്ടർ) ആ പശുവിന്റെ എല്ലാ വിവരങ്ങളും ശേഖരിച്ച്വച്ചിരിക്കുന്നു. ഈ പശുവിന്റെ വിവിധ പ്രവർത്തനങ്ങൾ ഈ ട്രാൻസ്പോണ്ടറിലൂടെയാണ് ക്രോഡീകരിക്കുന്നത്. കറവയ്ക്കനുസരിച്ച് പശുവിനാവശ്യമായ സമ്പൂർണ്ണ തീറ്റ (ടോട്ടൽ മിക്സ്ഡ് റേഷൻ നൽകുന്ന യന്ത്രം (ഫീഡിംഗ് സ്റ്റേഷൻ) കമ്പ്യൂട്ടറിന്റെ ഉത്തരവിനനുസരിച്ച് ഘട്ടംഘട്ടമായി നൽകുന്നു. ആട്ടോമാറ്റിക് ഫീഡിംഗ് സ്റ്റേഷൻവഴി ഓരോ പശുവിനും ആവശ്യമായ തീറ്റ കമ്പ്യൂട്ടർ ഉത്തരവ് പ്രകാരം ലഭ്യമാകും. പശുവിനെ കറക്കുന്നത് ഒരു പ്രത്യേക സ്ഥലത്തുവച്ചാണ്, മിൽക്കിംഗ് പാർലർ എന്നാണ് ഈ സ്ഥലം അറിയപ്പെടുന്നത്. കറവസമയത്ത് പശുവിനെ യന്ത്രത്തിന്റെ സഹായത്തോടെ ഇവിടെ എത്തിക്കുന്നു. കറവയ്ക്കനുസൃതമായി ഓരോ പശുവിനെ കടത്തിവിട്ട് പശുവിനെ കറക്കുന്ന സ്ഥലം അടയ്ക്കുന്നു. ഒരു പശു എത്ര പാൽതന്നു എന്ന വിവരം യന്ത്രംതന്നെ കമ്പ്യൂട്ടറിലാക്കി സൂക്ഷിക്കുന്നു. അകിടുവീക്കമോ മറ്റ് അസുഖങ്ങളോ ഉള്ള പശുക്കളെ കണ്ടെത്തി അവയുടെ പാൽ വേറെ കറന്നെടുക്കുന്നത് ശുചിയായ പാൽ ഉൽപ്പാദനത്തിന് സഹായിക്കുന്നു. പശുവിനെ ഒരുതുണ്ടു കയറിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിച്ച് (പശുവിനെ കെട്ടുന്നില്ല) അതിന് അതിന്റെ ഒരു സാമ്രാജ്യം അനുവദിക്കിച്ചിരിക്കുന്നു. പശുക്കൾക്ക് സുഖവാസത്തിനായി കംഫർട്ട്സോണും ക്രമപ്പെടുത്തിയിരിക്കുന്നു. പശുവിനെ 24 മണിക്കൂറും ഒരു യന്ത്രം (ആക്റ്റിവിറ്റി മീറ്റർ) വീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഒരു പശു എത്ര പ്രാവശ്യം അയവെട്ടിയെന്ന് ഈ യന്ത്രം നമ്മോട് പറഞ്ഞുതരും. പശുവിന്റെ ദേഹം വൃത്തിയാക്കാൻ "കൗ ബ്രഷ്" എന്ന ഉപകരണം ഫാമിൽ ഘടിപ്പിച്ചിരിക്കുന്നു. പശുവിനെ ബ്രഷ് ചെയ്യുവാൻ ഈ യന്ത്രം സഹായിക്കുന്നു. മൺവെട്ടിക്കും മൺകോരിക്കും പകരം ചാണകം ഷെഡിൽനിന്ന് മാറ്റുന്നത് "ഡങ് സ്ക്രാപ്പർ" എന്ന യന്ത്രമാണ്. ഈ യന്ത്രത്തിന് പ്രവർത്തനാനുമതി നൽകുന്നത് ഒരു കമ്പ്യൂട്ടർ ആണെന്നതാണ് യാഥാർത്ഥ്യം. ഒരു പശുവിന്റെ കറവ കഴിഞ്ഞ് അടുത്ത പശുവിന്റെ കറവ തുടങ്ങുന്നതിനു മുമ്പ് യന്ത്രംതന്നെ സ്വയം കറവ യന്ത്രത്തെ കഴുകി വൃത്തിയാക്കുന്നു. പശുവിന് കുടിക്കാനുള്ള വെള്ളം 24 മണിക്കൂറും ലഭ്യമാക്കുന്നു. എല്ലാ പശുക്കളും 24 മണിക്കൂറും വിദഗ്ദ്ധ ഡോക്ടറുടെ നിരീക്ഷണത്തിലായിരിക്കും.

(ഡി) ഉണ്ട്. പൂർണ്ണമായും രോഗവിമുക്തമായ പശുക്കൾ ഉൽപ്പാദിപ്പിക്കുന്ന പാൽ "സർട്ടിഫൈഡ് ഫാം ഫ്രഷ്മിൽക്ക്" ആയി നേരിട്ട് വിതരണം ചെയ്യുന്നതാണ്. പൊതുമേഖലയിൽ ആദ്യമായി പശുവിൻപാൽ യാതൊരു സംസ്ക്കരണത്തിനും വിധേയമാകാതെ ശുദ്ധമായ രൂപത്തിൽ ഉപഭോക്താക്കളിൽ എത്തിക്കുന്നു.

മുട്ടക്കോഴി വിതരണ പദ്ധതി

142 (156) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സംസ്ഥാനത്ത് മുട്ട ഉല്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മുട്ടയുടെ ഉല്പാദനം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ;

(സി) മുട്ടക്കോഴികളെ നല്കുന്ന പദ്ധതി ഏതെല്ലാം സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ;

(ഡി) അഴിക്കോട് മണ്ഡലത്തിൽ മുട്ടക്കോഴികളെ നല്കുന്ന പദ്ധതി അടിയന്തരമായി നടപ്പാക്കുമോ ?

ഉത്തരം

(എ) മുട്ടയുല്പാദനം വർദ്ധിപ്പിക്കാൻ പൗൾട്രി വില്ലേജ് (കൊല്ലം, എറണാകുളം) ഗ്രാമം നിറയെ കോഴികൾ, ആർ.എസ്.വി.വൈ. (വയനാട്) വീട്ടമ്മയുടെ അരുമക്കോഴികൾ, കോഴി വളർത്തൽ ഗ്രാമങ്ങൾ (തൃശ്ശൂർ ജില്ല), കെപ്കോ ഗ്രാമങ്ങൾ, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് തുടങ്ങിയ നൂതനങ്ങളായ

LIBRARY ARCHIVES Kerala Legislative Assembly